**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3967** **15.03.2017-ൽ മറുപടിയ്ക്ക്**

# നോട്ട് നിരോധനം മൂലം ജനങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നോട്ട് നിരോധനം മൂലം ജനങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് നോട്ട് നിരോധനം മൂലം ജനങ്ങൾക്കുണ്ടായ പ്രതിസന്ധി കണക്കിലെടുത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിന്മേലുള്ള റവന്യൂറിക്കവറി/ ജപ്തി മുതലായ നിർബന്ധിത നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഏത് തീയതി വരെയാണ് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) 31/03/2017 വരെയാണ് മോറട്ടോറിയം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (സി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പാപരിധി വർദ്ധിപ്പിച്ച് നൽകിയിട്ടുള്ള വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| വായ്പയുടെ വിവരം | നിലവിലുണ്ടായിരുന്നത് | പുതുക്കിയത് |
|---|---|---|
| ഭൂസ്വത്ത് വാങ്ങുന്നതിന് | 25.00 ലക്ഷം രൂപ | 35.00 ലക്ഷം രൂപ |
| കുട്ടികളുടെ വിദ്യാഭ്യാസ വായ്പ | 25000/- രൂപ | 1.00 ലക്ഷം രൂപ |
| വിവാഹ വായ്പ | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| വീട് മെയിന്റനൻസ് | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| ഭവന | 25.00 ലക്ഷം | 35.00 |

| | | |
|---|---|---|
| നിർമ്മാണം | രൂപ | ലക്ഷം രൂപ |
| വാഹന വായ്പ | 10.00 ലക്ഷം രൂപ | 20.00 ലക്ഷം രൂപ |
| ബിസിനസ്സ് വായ്പ | 10.00 ലക്ഷം രൂപ | 20.00 ലക്ഷം രൂപ |
| കുടുംബശ്രീ /എസ്.എച്ച്.ജി വായ്പ (അക്കൗണ്ടുള്ള സംഘങ്ങൾക്ക് മാത്രം) | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിന് | 5.00 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| സാധാരണ വായ്പ (മോർട്ട്ഗേജ്) | 10.00 ലക്ഷം രൂപ | 20.00 ലക്ഷം രൂപ |

(ഡി) നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പാ സബ്സിഡി ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പാ സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ സഹകരണ ബാങ്കുകൾക്ക് അനുവദിച്ച ഒരു കോടി രൂപയിൽ 62,72,826/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ